# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

ECHO OF HIS CALL 1969–2019 GOLDEN JUBILEE

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXIX | FEBRUARY 2023 | No. 4


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സദൃശ്യവാക്യങ്ങൾ 3: 26–35**

26. യഹോവ നിന്റെ ആശ്രയമായിരിക്കും; അവൻ നിന്റെ കാൽ കുടുങ്ങാതവണ്ണം കാക്കും.

27. നന്മ ചെയ്‌വാൻ നിനക്കു പ്രാപ്തിയുള്ളപ്പോൾ അതിന്നു യോഗ്യന്മാരായിരിക്കുന്നവർക്കു ചെയ്യാതിരിക്കരുതു.

28. നിന്റെ കൈയ്യിൽ ഉള്ളപ്പോൾ കൂട്ടുകാരനോടു: പോയിവരിക, നാളെത്തരാം എന്നു പറയരുതു.

29. കൂട്ടുകാരൻ സമീപേ നിർഭയം വസിക്കുമ്പോൾ അവന്റെ നേരെ ദോഷം നിരൂപിക്കരുതു.

30. നിനക്കു ഒരു ദോഷവും ചെയ്യാത്ത മനുഷ്യനോടു നീ വെറുതെ ശണ്ഠയിടരുതു.

31. സാഹസക്കാരനോടു നീ അസൂയപ്പെടരുതു; അവന്റെ വഴികൾ ഒന്നും തിരഞ്ഞെടുക്കയുമരുതു.

32. വക്രതയുള്ളവൻ യഹോവയ്ക്കു വെറുപ്പാകുന്നു; നീതിമാന്മാർക്കോ അവന്റെ സഖ്യത ഉണ്ടു.

33. യഹോവയുടെ ശാപം ദുഷ്ടന്റെ വീട്ടിൽ ഉണ്ടു; നീതിമാന്മാരുടെ വാസസ്ഥലത്തെയോ അവൻ അനുഗ്രഹിക്കുന്നു.

34. പരിഹാസികളെ അവൻ പരിഹസിക്കുന്നു; എളിയവർക്കോ അവൻ കൃപ നൽകുന്നു.

35. ജ്ഞാനികൾ ബഹുമാനത്തെ അവകാശമാക്കും; ഭോഷന്മാരുടെ ഉയർച്ചയോ അപമാനം തന്നേ.

# മാഹാത്മ്യമുള്ള നിഗൂഢത

## THE GREAT MYSTERY

*(പാസ്റ്റർ സാം സെൽവരാജ് മുഖ്യ സഭയിൽ നൽകിയ സന്ദേശം)*

**"ഈ മർമ്മം വലിയതു; ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രേ പറയുന്നതു"** (എഫെസ്യർ 5:32)

ഭൂമിമിൽ ദൈവത്തിന്റെ അധികാരം പ്രാവർത്തികമാക്കാനുള്ള അടിസ്ഥാനം ദൈവസഭയാണ്. സഭ വിശുദ്ധന്മാരുടെ കൂട്ടായ്മയാണ്. അപ്പൊസ്തലപ്രവൃത്തികളുടെ ആദ്യ പത്ത് അദ്ധ്യായങ്ങൾ അനുസരിച്ച് യേശുക്രിസ്തുവിനോടുകൂടെ ഉണ്ടായിരുന്നവരും അവനോടൊപ്പം ജീവിക്കുകയും അവന്റെ സ്നേഹം ആസ്വദിക്കുകയും ചെയ്തവർക്ക് "ശിഷ്യന്മാർ" എന്ന പേര് ലഭിച്ചു. ആദ്യകാല ശിഷ്യന്മാരെ ക്രിസ്ത്യാനി എന്നു വിളിച്ചു (അ. പ്രവൃത്തികൾ 11:26). ശേഷിക്കുന്ന ജനങ്ങൾ അവരോടൊപ്പം ചേരാൻ ധൈര്യപ്പെട്ടില്ല (അ. പ്രവൃത്തികൾ 5:13).

വിശ്വസ്തരായ ക്രിസ്ത്യാനികൾ കള്ളം പറയുകയില്ല, മറ്റുള്ളവരെ വഞ്ചിക്കുകയില്ല, മറ്റുള്ളവരെ ഒന്നിലും പെടുത്തുകയുമില്ല. അവർ കർത്താവിനെ ഭയപ്പെട്ടു നടക്കുന്നു. ആരെങ്കിലും നിങ്ങളെ ഒറ്റിക്കൊടുക്കുകയാണെങ്കിൽ അവർ ദൈവത്തിന്റെ ദാസന്മാരുമല്ല. ദൈവമക്കളോട് നമുക്ക് ഹൃദയം തുറന്നു സംസാരിക്കാം. യേശുക്രിസ്തു നമുക്കു നൽകിയ മാതൃകയെയും അവന്റെ കാൽപ്പാടുകളെ പിന്തുടരുന്നവരും ദൈവമക്കളാണ്. യേശുക്രിസ്തുവിനെ അനുഗമിക്കുന്നവർ ഏതു സാഹചര്യത്തിലായാലും അവനെ പ്രതിഫലിപ്പിക്കും, മോശമായ സാഹചര്യങ്ങൾ ഉണ്ടാ




Echo of His Call

*YouTube Christian Channel !*

5 minutes messages!!

**English, Hindi, Tamil & Telugu**

Every day – 5.00 A.M.

**Tamil Sunday Service – 8.30 A.M.**

**You will get an opportunity to pray with Pr. S. Sam Selva Raj!**

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)

## from your dearly beloved brother...

REACHING NATIONS





**...ഞാൻ നിന്റെ മുമ്പിൽ ഒരു വാതിൽ തുറന്നു വെച്ചിരിക്കുന്നു; അതു ആർക്കും അടച്ചുകൂടാ. (വെളിപ്പാട് 3:8)**

**ഞങ്ങളുടെ നിയോഗം**

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

കർത്താവിൽ പ്രീയരേ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കു വന്ദനം.

വിളിയുടെ പ്രതിധ്വനി മാസികയിലൂടെയും ഞങ്ങളുടെ യുട്യൂബ് ചാനലിലൂടെ നൽകുന്ന സന്ദേശങ്ങളിലൂടെയും സുവിശേഷം ജനങ്ങളിൽ എത്തിക്കാനുള്ള ഞങ്ങളുടെ ശ്രമങ്ങളിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങൾക്കായി ഞങ്ങൾ ദൈവത്തിനു നന്ദിയർപ്പിക്കുന്നു. യുട്യൂബ് ചാനലിൽ എന്നോടൊപ്പം പ്രവർത്തിക്കുന്ന പ്രീയ ദൈവമക്കളായ പാസ്റ്റർ അലക്സ് സാംസൺ സാം, പാസ്റ്റർ ചിന്നയ്യ, പാസ്റ്റർ വിദ്യാധർ, സഹോരീ സഹോദരന്മാരായ ദാനം ചിന്നയ്യ, മേരി മാഗ്ദലിൻ, എൻ പ്രകാശം, ക്രിസ്റ്റീന ജെബകുമാർ ചിന്നയ്യ, ബി. സരൻ, അബ്രഹാം, ശലോമി അബ്രഹാം, ഗീത ഗുരുസ്വാമി, ഡെയ്സി റാണി, സോളമൻ റോബർട്ട്, ജോഷ്വ റോബർട്ട്, എഡ്മണ്ട് തോമസ് തുടങ്ങിയവർക്കായി ഞാൻ ദൈവത്തിനു സ്തോത്രം കരേറ്റുന്നു.

പാപത്തിന്റെ ഭീകരതയിൽനിന്നും ശാപങ്ങളിൽനിന്നും ചിലരെയെങ്കിലും വിടുവിക്കുവാൻ ഞങ്ങൾ ശ്രമിക്കുന്നു. പ്രാർത്ഥനയിലൂടെയുള്ള നിങ്ങളുടെ പിന്തുണ ഞങ്ങൾക്ക് ആവശ്യമായിരിക്കുന്നു. ശുശ്രൂഷയുടെ പാത വളരെ ദുഷ്കരമാണ്. പിശാചിനെ ചെറുക്കുവാനുള്ള ഞങ്ങളുടെ ശ്രമങ്ങളെ അവൻ കഠിനമായി പ്രവർത്തിക്കുകയാണ്. നമ്മുടെ ദൈവമാണ് ഞങ്ങളെ മൂടുകയും സംരക്ഷിക്കുകയും ചെയ്യുന്നത്.

നിങ്ങളുടെ പ്രയാസങ്ങളെയും പ്രശ്നങ്ങളെയും ഞങ്ങൾ മനസ്സിലാക്കുകയും അതിനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ദൈവം അനുവദിക്കുകയാണെങ്കിൽ നെഹെമ്യ ബൈബിൾ കോളേജിന്റെ ഈ വർഷത്തെ ബിരുദദാന ചടങ്ങ് 2023 ജൂൺ മാസം നടത്തുവാൻ ആഗ്രഹിക്കുന്നു. 2023–24 അദ്ധ്യയനവർഷത്തിലേക്ക് ദൈവവേലയിൽ താൽപര്യമുള്ള വിദ്യാർത്ഥികളെ ആവശ്യമായിരിക്കുന്നു. ഇതിനുവേണ്ടി പ്രാർത്ഥിക്കുവിൻ. അങ്ങനെയുള്ള വിദ്യാർത്ഥികളെ ഞങ്ങൾക്കു പരിചയപ്പെടുത്തുവിൻ. ഭൗതീക നേട്ടങ്ങൾക്കു വേണ്ടിയല്ലാതെ സുവിശേഷ പ്രവർത്തനത്തിനായി ഞങ്ങൾ കഠിനമായി പരിശ്രമിക്കുന്നു. ഞങ്ങളുടെ തമിഴിലെയും ഹിന്ദിയിലെയും ബൈബിൾ കോളേജുകൾക്കായും ബഹുവിധമായ ഞങ്ങളുടെ സുവിശേഷ പ്രവർത്തനങ്ങൾക്കു വേണ്ടിയും ദയവായി പ്രാർത്ഥിക്കുവിൻ.

ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കുന്നു. ദൈവകൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ. ആമേൻ.

ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ

**പാസ്റ്റർ സാം സെൽവരാജ്, അലക്സ് സാംസൺ സാം**

(+91) 98412 71858 / 98410 71858 E.mail : samselvaraj333@gmail.com


**CHIEF EDITOR**

Angeline Selvakumari Henry, M.A., M.Ed.

**MANAGING EDITOR**

Pastor Alex Samson Sam, B.Th., M.Div.

**ADMINISTRATION**

Bro. N. Prakasam, M.A., General Manager

**EDITORIAL BOARD**

Sis. Jesy Veena Sam
Sis. Serena Bevin, M.A., M.Phil., B.Ed.
Dr. A. Richard Samuel, M.A., Ph.D.
Rev. Dr. K.R. Rajasekaran

**EDITOR, PUBLISHER & PRINTER**

Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858

**CORE LEADERS**

Bro. K. Puratchivendan
Bro. A. Edward Durai
Bro. A. Alvin
Bro. K. Abraham
Sis. Dhanalakshmi Chinnaiah

**E.mail ID**

sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**

www.echoofhiscall.org
www.stpaulsmatriculation.com

**YOUTUBE CHANNEL**

Echo of His Call


യാൽ അവനെ തള്ളിക്കളയുകയില്ല, സ്വന്ത ലാഭത്തിനായി ദൈവത്തിന്റെ ശുശ്രൂഷയെ ദുരുപയോഗം ചെയ്യുകയുമില്ല.

ഈ ലോകത്തിലെ ഏറ്റവും വലിയ നിഗൂഢതകളിൽ ഒന്ന് ദൈവമക്കളുടെ കൂട്ടായ്മയായ ദൈവസഭയും തമ്മിലുള്ള ബന്ധമാണ്. കർത്താവായ യേശുക്രിസ്തു ഈ നിഗൂഢതയുടെ രഹസ്യത്തിന്റെ പൊരുൾ സ്വർഗ്ഗത്തിലിരുന്ന് സഭയിലൂടെ വിവരിച്ചുകൊടുക്കുന്നു. ദൈവത്തിൽനിന്നു ജനിച്ചവരെല്ലാം ദൈവമക്കളാണ്. ആളുകൾ ദാരിദ്ര്യമോ സമ്പന്നതയോ ആയ സാഹചര്യങ്ങളിൽ ഉള്ളവരോ കണ്ണുനീരിന്റെ താഴ്വരയിൽ ഉള്ളവരോ ആയിരിക്കാം. ജീവിതത്തിന്റെ പ്രതീക്ഷ നഷ്ടപ്പെടുത്തിയവരോ, പ്രയോജനമില്ലാത്തവരോ, ഉപേക്ഷിക്കപ്പെട്ടവരോ ആയിരിക്കാം. പക്ഷെ


Our Ministries: ECHO OF HIS CALL Monthly Magazines (16 languages) BIBLECOR - Postal Courses (3 languages) Media Ministry Online Courses Theological Correspondence Courses (2 languages) Church Planting Nehemiah Bible Colleges Gospel Printing Press Great Commission Partners St. Paul's Matriculation School Crusades Community Development

യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർ യേശുക്രിസ്തുവിൽനിന്നും ജനിച്ചവരാണ് (യോ ഹന്നാൻ 1:13).

സഭയും യേശുക്രിസ്തുവും തമ്മിലുള്ള രഹസ്യ ബന്ധത്തിൽ മനുഷ്യന് ഈ ലോകത്തിൽ വിജയകരമായി ജീവിക്കാൻ ആവശ്യമായ എല്ലാ സത്യങ്ങളും മറഞ്ഞിരിക്കുന്നു. പക്ഷെ ഈ സത്യത്തെ അവഗണിച്ചുകൊണ്ട് ജീവിതത്തിൽ പുരോഗതിക്കും സന്തോഷത്തിനും സമാധാനത്തിനുമായി മനുഷ്യർ മറ്റു പല വഴികളും അന്വേഷിക്കുന്നു. വേദപുസ്തകത്തിൽ അനേകം നിഗൂഢതകൾ ഉണ്ടെങ്കിലും യേശുക്രിസ്തുവും സഭയും തമ്മിലുള്ള നിഗൂഢമായ ബന്ധത്തിന്റെ രഹസ്യം നാം ജീവിതത്തിൽ പ്രാവർത്തികമാക്കുകയാണെങ്കിൽ നമ്മുടെ ജീവിതം മാറ്റപ്പെടുകയും ഉയർത്തപ്പെടുകയും ചെയ്യും.

ലോകരക്ഷകനായ യേശുക്രിസ്തുവിനെയും അവിടുത്തെ സഭയെയും കുറിച്ചുള്ള വസ്തുതകൾ കാലത്തിനോ സംസ്കാരത്തിനോ സാഹചര്യങ്ങൾക്കോ പുതിയ സാങ്കേതിക വിദ്യകൾക്കോ മാറ്റാൻ കഴിയുകയില്ല. യേശുക്രിസ്തുവിനെക്കുറിച്ച് വ്യക്തമായ അറിവില്ലാത്തതുകൊണ്ടോ തെറ്റായ ധാരണകൾ കൊണ്ടോ ക്രിസ്തുമതം ആവശ്യമില്ലാത്തതാണെന്നും ക്രിസ്തുമതം സ്വീകരിക്കരുതെന്നുമുള്ള ചിന്തകൾ ചിലർക്കുണ്ട്. എന്നാൽ ഈ അഭിപ്രായം തെറ്റാണ്. യേശക്രിസ്തുവിനെ വിശ്വസ്തതയോടെ അനുഗമിച്ചതിനാൽ ഉപേക്ഷിക്കപ്പെട്ട ആരെയെങ്കിലും അറിയാമോ? ആരെങ്കിലും ദരിദ്രരായിത്തീർന്നിട്ടുണ്ടോ? ആരെങ്കിലും മറ്റുള്ളവർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ടോ? ഇതിനൊന്നും "ഉണ്ട്" എന്ന് ഉത്തരം പറയാൻ ആർക്കും കഴിയുകയില്ല. **ഞാൻ ബാലനായിരുന്നു, വൃദ്ധനായിത്തീർന്നു; നീതിമാൻ തുണയില്ലാത്തതും അവന്റെ സന്തതി ആഹാരം ഇരക്കുന്നതും ഞാൻ കണ്ടിട്ടില്ല** (സങ്കീർത്തനങ്ങൾ 37:25). യേശുക്രിസ്തുവിനെ അനുഗമിച്ചവർ ആരും ഭക്ഷണത്തിനായി അലയുന്നതു കണ്ടിട്ടില്ല.

യേശുക്രിസ്തുവിന്റെ ജനനവും പുതുവർഷവും ക്രിസ്ത്യാനികൾ മാത്രമല്ല, ലോകമെമ്പാടുമുള്ള എല്ലാ മതസ്ഥരും ആഘോഷിക്കുന്നു. ജനുവരിയിലെ ആദ്യദിവസം എല്ലാ മതങ്ങളുടെയും ക്ഷേത്രങ്ങളിലും ആരാധനാലയങ്ങളിലും പ്രത്യേക ആഘോഷങ്ങളും ആരാധനകളും നടത്തപ്പെടുന്നു, എന്തുകൊണ്ട്? സത്യം എപ്പോഴും സത്യമാണ്. ഒരു വ്യക്തിക്ക് സത്യം വളരെക്കാലം നിഷേധിക്കാനോ മറച്ചുവയ്ക്കാനോ കഴിയുകയില്ല. ലോക ചരിത്രത്തെ ബി.സി. എന്നും എ.ഡി. എന്നും രണ്ടായി തരം തിരിച്ചത് യേശുക്രിസ്തുവിന്റെ ജനനമാണ്. ലോകം വഴിതെറ്റിപ്പോയതിനാൽ ഈ ലോകത്തെ സൃഷ്ടിച്ച കർത്താവ് മനുഷ്യ ജന്മമെടുത്ത് ജീവിച്ച്, മരിച്ച്, ഉയിർത്തെഴുന്നേറ്റ്, പുനരുത്ഥാനം ചെയ്ത് തന്റെ സൃഷ്ടികളോടുള്ള സ്നേഹം വെളിപ്പെടുത്തി (റോമർ 5:8). മരിച്ചവരുടെ മൃതദേഹങ്ങൾ അടങ്ങിയ കല്ലറകൾ അടഞ്ഞുകിടക്കുമ്പോൾ യേശുവിന്റെ കല്ലറ മാത്രം തുറന്നുകിടക്കുന്നത് എന്തുകൊണ്ട്? അവൻ മരണത്തെ ജയിച്ച്, മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റ കർത്താവും രക്ഷകനുമാണ്. ആർക്കുവേണമെങ്കിലും യേശുക്രിസ്തുവിന്റെ സഭയെ വെറുക്കുകയും പീഡിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യാം. എന്നാൽ ദൈവത്തിന്റെ സഭ മനുഷ്യരുടെ നിയന്ത്രണത്തിലല്ല എന്ന് ഓർക്കുക. അത് പ്രവർത്തിക്കുന്നത് ദൈവത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്.

ലോകാരംഭം മുതൽ ദൈവജനത്തിന്റെ ഈ കൂട്ടായ്മ ഭീകരമായ കഷ്ടപ്പാടുകളും എതിർപ്പുകളും നേരിട്ടിട്ടുണ്ട്. പക്ഷെ ദൈവസഭയുടെ വളർച്ചയെ തടുക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. ദൈവസഭയെ നിയന്ത്രിക്കാനും തകർക്കാനും ശ്രമിച്ച രാജ്യങ്ങളും ഭരണാധികാരികളും തിരിച്ചറിയാൻ കഴിയാത്ത വിധത്തിൽ തകർക്കപ്പെട്ടതായി ചരിത്രത്തിന്റെ ഏടുകളിൽനിന്നും നാം വായിക്കുന്നു. അതിനാൽ കുറച്ചുകൂടി വിവേകത്തോടും ജ്ഞാനത്തോടും നാം സുവിശേഷം പ്രഘോഷിക്കണം. ദൈവത്തിന്റെ മഹത്വം അറിയാത്തവർ, ആ മഹത്വത്തെക്കുറിച്ച് അറിയുമ്പോൾ സമാധാനം ലഭിക്കുന്നു. ഇന്നും നിരവധി ആലയങ്ങൾ സ്ഥാപിക്കപ്പെടുകയും അനേകം പുതിയ വിശ്വാസികൾ ഉണ്ടാകുകയും ചെയ്യുന്നുണ്ട്.

## 1. ഞാൻ എന്റെ സഭയെ പണിയും!

യേശുക്രിസ്തു ഫിലിപ്പിന്റെ കൈസര്യയിൽ എത്തിയപ്പോൾ തന്നെ ആരെന്നു ജനങ്ങൾ പറയുന്നു എന്നു ശിഷ്യന്മാരോടു ചോദിച്ചു. അവർ പറഞ്ഞത്: ചിലർ സ്നാപക യോഹന്നാൻ എന്നും ചിലർ ഏലിയാവെന്നും ചിലർ യിരെമ്യാവോ മറ്റേതെങ്കിലും പ്രവാചകന്മാരോ ആണ് എന്നും പറയുന്നു. എന്നാൽ ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത് എന്നു ചോദിച്ചു. അപ്പോൾ ശീമോൻ പത്രോസ്: **നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നും ഉത്തരം പറഞ്ഞു. യേശു അവനോടു: ബർയോനാശീമോനേ, നീ ഭാഗ്യവാൻ; ജഡരക്തങ്ങൾ അല്ല, സ്വർഗസ്ഥനായ എന്റെ പിതാവത്രേ നിനക്കു ഇതു വെളിപ്പെടുത്തിയതു. നീ പത്രോസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു** (മത്തായി 17:16–18).

ജനങ്ങൾ തന്നെക്കുറിച്ച് എന്താണ് പറയുന്നതെന്ന് അറിയാനുള്ള ആഗ്രഹത്താൽ ശിഷ്യന്മാരോടു ചോദിച്ചതിനു മറുപടിയായി പത്രോസ് ഉത്തരം പറയുന്നു. ഓരോ ആത്മീയ നേതാവും ജനങ്ങൾ തന്നെക്കുറിച്ച് എന്താണ് പറയുന്നത് എന്നു മനസ്സിലാക്കേണ്ടതാണ്. "മറ്റുള്ളവർ എന്നെക്കുറിച്ച് എന്താണ് പറയുന്നതെന്ന് ഞാൻ കാര്യമാക്കുന്നില്ല, ഞാൻ എന്റെ മനസ്സാക്ഷിക്കനുസരിച്ചാണ് പ്രവർത്തിക്കുന്നത്." ജനങ്ങൾ തന്നെക്കുറിച്ച് എന്താണ് പറയുന്നതെന്ന് ശിഷ്യന്മാരോടു ചോദിച്ചപ്പോൾ പത്രോസ് : **നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു** എന്നു പറഞ്ഞു. ഇവിടെ പത്രോസ് പറയുന്നത് തനിക്കു ലഭിച്ച വെളിപാടിലൂടെയാണ്. ജഡരക്തങ്ങളല്ല സ്വർഗ്ഗസ്ഥനായ പിതാവാണ് ഇത് അവന് വെളിപ്പെടുത്തിയതെന്ന് യേശുക്രിസ്തു പറഞ്ഞു. ഇന്ന് ജനങ്ങൾ ക്രിസ്ത്യാനികളെ കാണുന്നത് വിഡ്ഢികളായും, അറിവും ജ്ഞാനവും ഇല്ലാത്തവരായും, മതം പ്രചരിപ്പിക്കുന്നവരായും, മതം മാറ്റുന്നവരുമൊക്കെയുമായാണ്. ഒരു വ്യക്തി യേശുക്രിസ്തുവിനെ തന്റെ രക്ഷിതാവായി സ്വീകരിക്കുന്നു എങ്കിൽ അത് വെളിപ്പെടുത്തിക്കൊടുത്തത് ജഡരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ പിതാവാണെന്നു സാരം.

യേശുക്രിസ്തുവിനെ രക്ഷകനായി അംഗീകരിച്ച നാമെല്ലാവരും കർത്താവിൽനിന്ന് വെളിപാട് ലഭിച്ചവരാണ്. സ്വർഗ്ഗത്തിൽനിന്ന് വെളിപാടുകൾ ലഭിച്ചവർ തങ്ങളുടെ പൂർവ്വകാലം പരിഗണിക്കാതെ ദൈവം തന്റെ സ്വന്തം മക്കളാക്കിയവരാണ്.

കർത്താവ് നിങ്ങളോടു സംസാരിച്ചിട്ടില്ലെന്നോ, നിങ്ങൾ കർത്താവിന്റെ ശബ്ദം കേട്ടിട്ടില്ലെന്നോ, കർത്താവുമായി നിങ്ങൾക്കു ബ

ന്ധമില്ലെന്നോ നിങ്ങൾക്കു പറയാൻ കഴിയുകയില്ല. എന്തെന്നാൽ ശീമോൻ പത്രൊസിനോടു കർത്താവ് പറയുന്നത്: **ജഡരക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ നിനക്കു ഇതു വെളിപ്പെടുത്തിയതു.** അതിനാൽ നിങ്ങൾ യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചിരിക്കുന്നു. യേശുക്രിസ്തു സത്യദൈവവും രാജാധിരാജാവും ഉന്നതനുമാണ്. ഇതാണ് ആത്മീയമായ വെളിപ്പാട്. കർത്താവിന്റെ വെളിപാട് ലഭിക്കാതെ മറ്റുള്ളവരുടെ നിർബന്ധമോ പ്രയത്നമോ കൊണ്ട് യേശുക്രിസ്തുവിനെ അംഗീകരിക്കാൻ സാധിക്കുകയില്ല. അതിന് സ്വർഗ്ഗത്തിൽനിന്ന് വെളിപാട് ലഭിക്കണം. അതിനാൽ സ്വർഗ്ഗത്തിൽ നിന്ന് വെളിപാട് ലഭിച്ചവർ ലോകത്തിൽ വേർപെട്ടതും വ്യത്യസ്തവുമായ ജീവിതം നയിക്കണം.

ജനങ്ങൾ പലവിധമായ രീതികളിലൂടെ ജീവിതത്തിൽ മുന്നേറാൻ ശ്രമിക്കുന്നു. പക്ഷെ ദൈവമക്കൾക്കോ, അവന്റെ വെളിപാടു ലഭിച്ചവർക്കോ മാത്രമേ ജീവിതത്തിൽ വിജയം കണ്ടെത്താൻ സാധിക്കുകയുള്ളു എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. അതും അവൻ പഠിപ്പിക്കുന്ന രീതിയിൽ ജീവിതം ക്രമീകരിക്കണം.

## 2. എന്റെ സഭ!

ഈ ലോകത്തിൽ ആർക്കും എന്തു ജോലിയും ചെയ്യാം. പക്ഷെ സഭയെ പണിയപ്പെടുന്നത് കർത്താവിലൂടെ മാത്രമാണ്. മത്തായി 16:18ൽ **ഞാൻ എന്റെ സഭയെ പണിയും** എന്ന് യേശുക്രിസ്തു പറയുന്നു. പത്രൊസോ പൗലോസോ എന്നല്ല ഞാൻ പണിയും എന്നാണ് കർത്താവ് പറയുന്നത്. പാതാളത്തിന്റെ കവാടങ്ങൾ അതിനെ ജയിക്കയില്ല.

ദൈവമക്കളുടെ കൂട്ടായ്മ ദൈവത്തിന്റെ സഭയാണ്. അത് വെറും ഒരു കെട്ടിടമല്ല. ഈ പള്ളിയിൽ ഒരു ശുശ്രൂഷ ഉണ്ടായിരിക്കുമെന്ന് ഞാൻ പറയുമ്പോൾ അത് ഈ കെട്ടിടമല്ല, ദൈവമക്കൾ ഒന്നിച്ചു കൂടുന്ന സ്ഥലം എന്നതാണ്. ദൈവം തന്നെ തന്റെ സഭയെ പണിയും. ഒരു പള്ളിയിൽ കൂടിയിരിക്കുന്ന നാമെല്ലാവരും ദൈവത്തിന്റെ സഭയാണ്.

ദൈവത്തിന്റെ ജനമായ നിങ്ങളെ ദൈവം പണിയും. പാതാളഗോപുരങ്ങൾക്ക് നിങ്ങളെ മറികടക്കാൻ കഴിയുകയില്ല എന്ന് ദൈവം വാഗ്ദത്തം ചെയ്യുന്നു. നാം ഇത് അംഗീകരിക്കുമ്പോൾ നമ്മുടെ ജീവിതത്തിൽ ആലയത്തിനു നാം പ്രാധാന്യം നൽകണം. അവൻ നമ്മെ കെട്ടിപ്പടുക്കുമെന്നും അഭിവൃദ്ധിപ്പെടുത്തുമെന്നും കർത്താവ് പറയുന്നു. ഈ ഉറപ്പുകൾ കർത്താവ് തന്റെ കരങ്ങളിൽ വഹിക്കുന്നു. കർത്താവ്, തന്റെ സഭയായ നിങ്ങളുടെ പ്രയാസങ്ങളും കഷ്ടതകളുമൊക്കെ മാറ്റി നിങ്ങളെ പണിയും. രോഗങ്ങൾ, കഷ്ടതകൾ, കടഭാരം, ദാരിദ്ര്യം, പിശാചിൽ നിന്നുള്ള ബുദ്ധിമുട്ടുകൾ എന്നിവയൊന്നും നിങ്ങൾ അവന്റെ സഭയായതിനാൽ വിജയിക്കുകയില്ല. അവൻ ദൈവമാണെന്ന് മാംസരക്തങ്ങൾ അല്ല സ്വർഗ്ഗമാണ് നിങ്ങൾക്കു വെളിപ്പെടുത്തിത്തന്നത്. ദൈവത്തിന്റെ സഭയിൽ കൂടിവരുന്നവരെ ദൈവം കൈവിടുകയില്ല.

പാറമേൽ വീടു പണിത ആളുകളോട് ദൈവം അവരെ ഉപമിക്കുന്നു. ഒരു മനുഷ്യൻ മണലിന്മേൽ തന്റെ വീടു പണിയുന്നു. കൊടുങ്കാറ്റും പേമാരിയും ഉണ്ടാകുകയും വെള്ളം ഒഴുകിയെത്തുകയും ചെയ്തപ്പോൾ ആ വീട് നിലംപതിച്ചു. മറ്റൊരാൾ പാറമേൽ വീടു പണിതു. അവിടെയും കാറ്റും പേമാരിയുമൊക്കെ വന്നു എങ്കിലും ആ ഭവനം വീണുപോയില്ല. ബുദ്ധിമുട്ടുകളോ പരാജയങ്ങളോ സംഭവിച്ചാലും അവൻ ഉറച്ചുനിൽക്കും. നിങ്ങൾ അവന്റെ സഭയായതിനാൽ അവൻ നിങ്ങളെ പണിയും. പാതാളത്തിന്റെ കവാടങ്ങൾ നിങ്ങളെ ജയിക്കുകയില്ല. പാറമേൽ വീടു പണിതവനോട് നിങ്ങളെ ഉപമിക്കും എന്നു കർത്താവ് പറയുന്നു.

ദൈവസഭയിൽ ആയിരിക്കുമ്പോൾ മാത്രമാണ് നാം വിജയിക്കുന്നത്. അതുകൊണ്ടാണ് നാം കൂടിവരുന്നതിനെ ഉപേക്ഷിക്കരുതെന്ന് വേദപുസ്തകം പഠിപ്പിക്കുന്നത് (എബ്രായർ 10:25). ദൈവത്തിന്റെ ആലയത്തിലേക്ക് കടന്നുവരാൻ പലർക്കും മടിയാണ്. ആലയം ദൂരെയാണ്, ക്ഷീണാവസ്ഥയിലാണ്, വാഹനസൗകര്യമില്ല എന്നൊക്കെ പറയും. ഇങ്ങനെയുള്ളവർക്ക് ആരാധനയുടെയും ദൈവത്തിന്റെ അനുഗ്രഹത്തിന്റെയും പദവി നഷ്ടപ്പെടുത്തുന്നു. യേശുക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെ മർമ്മം വലിയതാണ്. നിങ്ങൾ ഒരു സഭയിലാണെങ്കിൽ ലോകത്തിലുള്ള ഒന്നും നിങ്ങളെ മറികടക്കുകയില്ല. നിങ്ങൾ വിജയകിരീടം പ്രാപിക്കും.

വിശുദ്ധരും യേശുക്രിസ്തുവിനെ രക്ഷിതാവായി അംഗീകരിച്ചവരുമായ ദൈവസഭയിലെ അംഗങ്ങളായവർ ഉയർന്ന വിഭാഗത്തിലുള്ളവരാണ്. ലോകത്തിന്റെ ഒരു ശക്തിക്കും അവരെ നശിപ്പിക്കാൻ കഴിയുകയില്ല. നിങ്ങളുടെ ജീവിതത്തിലെ എല്ലാ പരാജയങ്ങളും

06–ാം പേജിൽ തുടരും...


नहेम्याह बाइबल कॉलेज
रेसिडेन्शल कॉलेज, चेन्नई।

ECHO OF HIS CALL 1969-2019 REACHING NATIONS

माध्यम: हिन्दी

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ECHO OF HIS CALL Estd. 1969

सदस्यता के लिए पंजीकृत उम्मीदवार - ATA

सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 53 वर्षों से सेवारत वरिष्ठ पासवान

सर्टिफिकेट इन थियोलॉजी – 1 साल
डिप्लोमा ऑफ थियोलॉजी – 2 साल

योग्यता 10 वी या अधिक
जल्दी करें!

Contact : The Chairman, Nehemiah Bible College.
10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org
★ ऑनलाइन कक्षाएं उपलब्ध हैं ★

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

***ഫെബ്രുവരി 19*** : പാസ്റ്റർ. സാം സെൽവരാജിനെയും കുടുംബാംഗങ്ങളെയും ദുഷ്ടശക്തികളിൽ നിന്നും വിടുവിച്ചു കൊണ്ടിരിക്കുന്നതിനായി.

***ഫെബ്രുവരി 20*** : സഭാപ്രവർത്തനങ്ങളിൽ പങ്കെടുക്കുവാനുള്ള ഉണർവ്വ് യുവജനങ്ങൾക്കു ദൈവം അനുഗ്രഹിച്ചു നൽകിയതിനായി.

***ഫെബ്രുവരി 21*** : നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗദൗത്യ പങ്കാളികൾ എന്നിവർക്കും കുടുംബാംഗങ്ങൾക്കുമായി.

***ഫെബ്രുവരി 22*** : എക്കൊ ഓഫ് ഹിസ് കാൾ എന്ന യുട്യൂബ് ചാനലിന്റെ പ്രവർത്തനത്തിനായി മികച്ച മീഡിയ ടീമിനെ ഒരുക്കിത്തന്നതിനായി.

***ഫെബ്രുവരി 23*** : യുട്യൂബ് ചാനലിന്റെ സംപ്രേഷണത്തിനായി ക്യാമറ ലഭിക്കാൻ സഹായിച്ചതിനായി.

***ഫെബ്രുവരി 24*** : വിവിധ മാർഗങ്ങളിലൂടെ സുവിശേഷം പ്രചരിപ്പിക്കുവാനുള്ള സീനിയർ പാസ്റ്ററുടെ ഉറച്ച തീരുമാനത്തിനായി.

***ഫെബ്രുവരി 25*** : വിളിയുടെ പ്രതിധ്വനിയുടെ എല്ലാ ജീവനക്കാരെയും കുടുംബാംഗങ്ങളെയും ആരോഗ്യവും ദൈവീക സംരക്ഷണവും നൽകി അനുഗ്രഹിച്ചതിനായി.

***ഫെബ്രുവരി 26*** : ഞങ്ങളുടെ പങ്കാളികൾ ധാർമ്മികവും സാമ്പത്തികവുമായി പിന്തുണച്ചുകൊണ്ടിരിക്കുന്നതിനായി.

***ഫെബ്രുവരി 27*** : വിവിധ ഭാഷകളിലെ ജനങ്ങളിലേക്ക് വിളിയുടെ പ്രതിധ്വനിയുടെയും മീഡിയ മിനിസ്ട്രിയുടെയും ശുശ്രൂഷകളിലൂടെ സുവിശേഷം എത്തിക്കുവാൻ സഹായിച്ചതിനായി.

***ഫെബ്രുവരി 28*** : 2023-ലെ കലണ്ടറും വാഗ്ദാന കാർഡും അച്ചടിച്ച് വിതരണം ചെയ്യുവാൻ സഹായിച്ചതിനായി.

***മാർച്ച് 01*** : കൂടുതൽ സംഘടിതമായി പ്രവർത്തിക്കാൻ നമ്മുടെ സഭാ ശുശ്രുഷയെ അനുഗ്രഹിച്ചതിനായി.

***മാർച്ച് 02*** : നെഹെമ്യ റെസിഡൻഷ്യൽ ബൈബിൾ കോളേജിലെ വിദ്യാർത്ഥികൾക്ക് സംഗീത ക്ലാസ്സുകൾ നൽകുവാൻ സഹായിച്ചതിനായി.

***മാർച്ച് 03*** : നെഹെമ്യ ബൈബിൾ കോളേജിലെയും സെന്റ് പോൾസ് മെട്രിക്കുലേഷൻ വിദ്യാലയത്തിലെയും ക്രിസ്തുമസ്സ് പരിപാടികളെ അനുഗ്രഹിച്ചതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

***മാർച്ച് 04*** : നെഹെമ്യ ബൈബിൾ & റെസിഡൻഷ്യൽ ബൈബിൾ കോളേജുകളിൽ 2023-24 വർഷത്തിലേക്ക് അർഹതപ്പെട്ട വിദ്യാർത്ഥികൾ ലഭിക്കുവാൻ.

***ഫെബ്രുവരി 05*** : 2023-24 വർഷത്തിലേക്ക് സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ ആവശ്യമായ വിദ്യാർത്ഥികൾ ലഭിക്കുവാനായി.

***ഫെബ്രുവരി 06*** : സീനിയർ പാസ്റ്റർ സാം സെൽവരാജിനെയും കുടുംബാംഗങ്ങളെയും ദുഷ്ടശക്തികളുടെ എല്ലാവിധപ്രവർത്തനങ്ങളിൽനിന്നും വിടുവിക്കപ്പെടുവാൻ.

***ഫെബ്രുവരി 07*** : കോവിഡിന്റെ പുതിയ വകഭേദങ്ങളിൽ നിന്നും ലോകം വിടുതൽ പ്രാപിക്കുവാനായി.

***മാർച്ച് 08*** : അച്ചടിശാലയിലെ ഓപ്പറേറ്റർമാർ, ഡ്രൈവർമാർ, കമ്പ്യൂട്ടർ ഓപ്പറേറ്റർമാർ തുടങ്ങിയവർക്കായി.

***മാർച്ച് 09*** : എല്ലാ രാജ്യങ്ങളിലെയും കുട്ടികളും യുവാക്കളും യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിക്കുവാനായി.

***മാർച്ച് 10*** : ക്രിസ്തീയ പ്രസംഗകർ സുവിശേഷം കലർപ്പില്ലാതെ പ്രസംഗിക്കുവാനായി.

***മാർച്ച് 11*** : ജയിലുകളിൽ സുവിശേഷം അറിയിക്കുന്ന ശുശ്രൂഷകർക്കായി.

***മാർച്ച് 12*** : ഓൺലൈൻ ഗെയിമുകളുടെ ആസക്തിയിൽനിന്ന് നമ്മുടെ കുട്ടികളുടെയും യുവാക്കളുടെയും വിടുതൽ പ്രാപിക്കുവാനുള്ള ദൈവകൃപക്കായി.

***മാർച്ച് 13*** : ഇപ്പോഴുള്ളതു കൂടാതെ മറ്റു ഭാഷകളിലേക്കും പാസ്റ്റർ സാം സെൽവരാജിന്റെ സന്ദേശം യുട്യൂബ് ചാനലിലൂടെ സംപ്രേഷണം ചെയ്യുവാൻ.

***മാർച്ച് 14*** : അദ്ധ്യാപനത്തിലും വിവർത്തനത്തിലും ഏർപ്പെട്ടിരിക്കുന്നവർക്കായി.

***മാർച്ച് 15*** : ഞങ്ങളുടെ അസ്സോസിയേറ്റ് എഡിറ്റർമാർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി.

***മാർച്ച് 16*** : സീനിയർ പാസ്റ്റർ സാം സെൽവരാജിന്റെ ആത്മകഥ എഴുതുന്നതിലുള്ള വിജയത്തിനായി.

***മാർച്ച് 17*** : യിസ്രായേലിൽ സമാധാനം കളിയാടുവാൻ.

***മാർച്ച് 18*** : വൃദ്ധസദനങ്ങളിലുള്ള വൃദ്ധന്മാർക്കായി.

... 4-ാം പേജിന്റെ തുടർച്ച

വിജയമായി മാറും. സ്വർഗ്ഗത്തിന്റെ അധികാരം ഭൂമിയിൽ സ്ഥാപിതമാക്കുന്നത് സഭയിലൂടെയാണ്. രാജ്യങ്ങളെ അനുഗ്രഹിക്കുന്നതും സഭകളിലൂടെയാണ്.

ഈ വസ്തുത ജനങ്ങളോടു പറഞ്ഞാൽ അവർക്കു മനസ്സിലാക്കാൻ പ്രയാസമാണ്. ക്രിസ്തുമതം പിന്തുടരുന്നവർ കഷ്ടതകൾ അനുഭവിക്കുന്നവരാണ്. ഇവരെയാണോ ദൈവം തെരഞ്ഞെടുത്തത് എന്നു നിങ്ങൾ ചോദിച്ചേക്കാം. ഉത്തരം അതെ എന്നാണ്. അത് സത്യവുമാണ്. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചവർ ഈ ലോകത്തിനുള്ളവരല്ല. ദൈവം അവരെ സംരക്ഷിക്കുന്നു.

## 3. ദേവാലയത്തിൽ നട്ടിരിക്കുന്നവർ തഴച്ചുവളരും!

**യഹോവയുടെ ആലയത്തിൽ നടുതലയായവർ നമ്മുടെ ദൈവത്തിന്റെ പ്രാകാരങ്ങളിൽ തഴെക്കും** (സങ്കീർത്തനങ്ങൾ 92:13).

ഒരു കൃത്രിമ ചെടിയെ നീക്കം ചെയ്തിട്ടു വീണ്ടും നടാം. അതിനു വെള്ളം ഒഴിക്കേണ്ട കാര്യമില്ല. ദൈവത്തിന്റെ ആലയത്തിൽ നട്ടിരിക്കുന്നവർ കൃത്രിമ ചെടിയെപ്പോലെ അല്ല. ഒരു സാധാരണ ചെടിയെ മണ്ണിൽ നട്ടു വെള്ളം ഒഴിച്ച് വളർത്തുന്നു. ഫലം നൽകുന്ന ചെടിയെപ്പോലെ ആലയത്തിൽ നട്ടിരിക്കുന്നവർ ഫലം പുറപ്പെടുവിക്കും. ഇങ്ങനെയുള്ള ചെടിയെപ്പോലെയുള്ളവർ മാത്രമേ ജീവിതത്തിൽ അഭിവൃദ്ധി പ്രാപിക്കുകയുള്ളു.

ദൈവത്തിന്റെ സഭയിൽ നട്ടു പിടിപ്പിച്ച് വെള്ളവും വളവും നൽകിയാൽ അത് സഭയിൽ വേരൂന്നി വളർന്ന് സഭയിൽ ഫലം പുറപ്പെടുവിക്കും.

സഭയെ യഥാർത്ഥ സമർപ്പണത്തോടെ സ്വീകരിക്കുകയും ദൈവദാസനെ ശുശ്രൂഷയിൽ സഹായിക്കുകയും ചെയ്യുന്നവർ അനുഗ്രഹിക്കപ്പെടും. ഇന്ന് ഭൂരിഭാഗം പേർക്കും അങ്ങനെയൊരു ചിന്തയില്ല. സഭയിൽ സ്നാനപ്പെടുന്ന ചിലർ, അവർ രക്ഷിക്കപ്പെട്ടു എന്ന ചിന്തയിൽ സഭയിൽ നിന്നു പുറത്തു പോയി മറ്റു സംരംഭങ്ങൾ തുടങ്ങി, ദൈവത്തിന് ഇഷ്ടമില്ലാത്ത കാര്യങ്ങൾ ചെയ്ത് നാശത്തിലേക്ക് പോകുന്നു. അവസാനം അവർ എല്ലാത്തിൽനിന്നും ഒഴിഞ്ഞു മാറുന്ന അവസ്ഥയിലേക്ക് എത്തിച്ചേരുന്നു. ആലയത്തിൽ നിങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ദർശനവും ജോലിയും ഉത്തരവാദിത്തങ്ങളും വിശ്വസ്തതയോടെ ചെയ്യുകയാണെങ്കിൽ നിങ്ങൾ രക്ഷിക്കപ്പെടും. ആലയത്തിൽ പോകുകയാണെങ്കിൽ എല്ലാം ശരിയാകുമോ എന്ന് ചിലർ ചോദിക്കുന്നുണ്ട്. എല്ലാം ശരിയാകുകതന്നെ ചെയ്യും. സാധാരണക്കാരോട് ഇതു പറയുകയാണെങ്കിൽ അവർക്ക് മനസ്സിലാകുകയില്ല. ഞാൻ ബാലനായിരുന്നപ്പോൾ ദൈവദാസന്റെ ചെരുപ്പ് വൃത്തിയാക്കിയിട്ടുണ്ട്. അതാണ് എന്റെ ശുശ്രൂഷ. ഇങ്ങനെയുള്ള ചെറിയ സേവനങ്ങളിലൂടെ ദൈവം എന്നെ വളർത്തി വലിയ ശുശ്രൂഷ ചെയ്യാൻ സഹായിക്കുന്നു. നിങ്ങൾ സഭയിൽ നട്ടിരിക്കുകയാണോ അതോ, സഭയിൽ ആയിരിക്കുകയാണോ? ഇപ്പോൾ വളരെയധികം പേർ സഭയിൽ നട്ടിരിക്കുകയല്ല, വെറും സന്ദർശകരാണ്. നിലത്ത് നന്നായി നട്ടിരിക്കുന്ന ചെടിയാണെങ്കിൽ ഫലം കായിക്കും. പലരുടെയും ജീവിതം ഫലശൂന്യമാണ്. നാം വിശ്വാസികളാണെന്ന് പറയുമെങ്കിലും ജയാളികളല്ല. നിങ്ങൾ എത്രത്തോളം ദൈവസഭയിൽ മുഴുകുന്നുവോ, എത്രത്തോളം ശക്തമായി സഭയിൽ ഫലം പുറപ്പെടുവിക്കുന്നുവോ അത്രത്തോളം നിങ്ങളെ ദൈവം അഭിവൃദ്ധിപ്പെടുത്തും.

പരേതനായ പ്രശസ്ത പാസ്റ്റർ ജി. സുന്ദരം സ്വതന്ത്ര ശുശ്രൂഷ ചെയ്യുന്നവരോട് ഇങ്ങനെ പറയുമായിരുന്നു: "നിങ്ങൾക്ക് എവിടെയും ഏതു രീതിയിലും ശുശ്രൂഷ ചെയ്യാം. പക്ഷെ നിങ്ങളുടെ വേഷത്തിൽ ഒരു കയർ ചുറ്റി മറ്റെ അറ്റം സഭയുമായി ബന്ധിച്ചിരിക്കണം. നിങ്ങളുടെ സഭയ്ക്ക് നിങ്ങൾ പ്രാധാന്യം നൽകണം. ആ സഭയിൽനിന്നു മാത്രമേ പ്രവർത്തിക്കുവാനുള്ള ശക്തി ലഭിക്കുകയുള്ളു. അല്ലെങ്കിൽ നിങ്ങളുടെ ആത്മീയ ജീവിതത്തിൽ നിങ്ങൾ അനാഥരാകും." ഒരു വെല്ലുവിളിയോടെയാണ് അദ്ദേഹം ഇത് പറഞ്ഞത്. ഇത് വലിയ സത്യവുമാണ്.

ഈ ലേഖനം എഴുതുന്ന ലേഖകനും ഒരു നേതാവിന്റെ കീഴിൽ പ്രവർത്തിക്കുന്നു, അത് അനുഗ്രഹവുമായിരിക്കുന്നു. അനേകം അസിസ്റ്റന്റ് പാസ്റ്റർമാരെയും ദൈവം എനിക്കു നൽകിയിരിക്കുന്നു. ഞാൻ മുതിർന്നവരോട് അനുസരണയുള്ളവനാണ്. ഞാൻ സന്തോഷവാനാണ്. നിങ്ങളുടെ സ്ഥാനം എവിടെയാണ്?

## 4. കർത്താവിന്റെ ആനന്ദ ദിനം!

**നീ എന്റെ വിശുദ്ധ ദിവസത്തിൽ നിന്റെ കാര്യാദികൾ നോക്കാതെ ശബ്ബത്തിൽ നിന്റെ കാൽ അടക്കിവെച്ചു, ശബ്ബത്തിനെ ഒരു സന്തോഷം എ**

0 -ാം പേജിൽ തുടരും...


# നെഹെമ്യ ബൈബിൾ സായാഹ്ന കോളേജ്

ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ

ഭാഷ : തമിഴ്

അപേക്ഷകനുള്ള മെമ്പർഷിപ്പ് - ATA

ECHO OF HIS CALL
REACHING NATIONS

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ★ ECHO OF HIS CALL ★ Estd. 1969

**കഴിഞ്ഞ 53 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്**

**വേദശാസ്ത്രത്തിൽ സർട്ടിഫിക്കറ്റ് : ഒരു വർഷം**
**വേദശാസ്ത്രത്തിൽ ഡിപ്ലോമ : രണ്ടു വർഷം**

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

10, MOHAMMED ABDULLAH 2ND STREET, BELLS ROAD, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## നമ്മുടെ ആസ്ഥാന കാര്യാലയത്തിലെ ശുശ്രൂഷകൾക്കുവേണ്ടി പ്രാർത്ഥിക്കുക

| | | | |
|---|---|---|---|
| 01. | പ്രാർത്ഥന സഹായങ്ങൾ | – | 24 മണിക്കൂർ |
| 02. | ബൈബിൾ കറസ്പോണ്ടൻസ് | – | ബൈബിൾകോർ – തമിഴ്, ഇംഗ്ലീഷ്, ഹിന്ദി (കോഴ്സുകൾ) |
| 03. | വിളിയുടെ പ്രതിധ്വനി | – | മാസികകൾ<br>തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ |
| 04. | നെഹെമ്യ ബൈബിൾ കോളേജ് | – | രണ്ടു കേന്ദ്രങ്ങൾ (സായാഹ്നം, റെസിഡൻഷ്യൽ) |
| 05. | വേദശാസ്ത്ര വിദൂര പഠന കേന്ദ്രം | – | ഇംഗ്ലീഷ്, തമിഴ് |
| 06. | പരമനിയോഗ ദൗത്യ പങ്കാളികൾ | – | പാസ്റ്റർമാരുടെ ചങ്ങല |
| 07. | ട്രെയിനിംഗ് പരിപാടികൾ | | |
| 08. | ക്രൂസേഡുകൾ | | |
| 09. | കൈപ്രതി പ്രവർത്തനങ്ങൾ, ലഘുലേഖ വിതരണം | | |
| 10. | സുവിശേഷ പ്രസിദ്ധീകരണ പ്രസ്സ് | – | പ്രസിദ്ധീകരണങ്ങൾ |
| 11. | സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്ക്കൂൾ | – | ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം |
| 12. | സണ്ടേസ്ക്കൂൾ | – | ഞായർ രാവിലെ 8.30, വൈകുന്നേരം 4.00 മണി |
| 13. | തമിഴ് ആരാധന | – | രാവിലെ 8.00, ഞായർ രാവിലെ 10.00 മണി |
| 14. | തെലുങ്ക് ആരാധന | – | ഞായർ വൈകുന്നേരം 5.00 മണി |
| 15. | ഹിന്ദി ആരാധന | – | ഞായർ വൈകുന്നേരം 4.00 മണി |
| 16. | ഇംഗ്ലീഷ് – തമിഴ് ആരാധന | – | ഞായർ വൈകുന്നേരം 6.00 മണി |
| 17. | പാസ്റ്റർമാരുടെ കൗൺസലിംഗ് | – | ഞായർ വൈകുന്നേരം 4.00 മണി |
| 18. | സ്ത്രീകളുടെ പ്രാർത്ഥനായോഗം | – | ബുധൻ വൈകുന്നേരം 5.30 മണി |
| 19. | മദ്ധ്യ ആഴ്ച വചന ധ്യാനം | – | ബുധൻ വൈകുന്നേരം 6.30 മണി |
| 20. | പുരുഷന്മാരുടെ യോഗം | – | വെള്ളി വൈകുന്നേരം 7.00 മണി |
| 21. | ശിഷ്യത്വ യോഗം | – | ശനി വൈകുന്നേരം 6.00 മണി |
| 22. | ഭവന കൂട്ടായ്മ | – | ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി |
| 23. | പ്രത്യേക കർത്തൃമേശ | – | എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി |
| 24. | സുവിശേഷകരുടെ അവലോകനം | – | ആദ്യ ശനി വൈകുന്നേരം 5.30 മണി |
| 25. | രക്ഷിതാക്കളുടെ പ്രാർത്ഥന | – | ആദ്യ ശനി വൈകുന്നേരം 4.00 മണി |
| 26. | രാത്രി പ്രാർത്ഥന | – | രണ്ടാം വെള്ളി രാത്രി 9.30 മണി |
| 27. | ഉപവാസ പ്രാർത്ഥന | – | ആദ്യ ശനി രാവിലെ 9.30 മണി |
| 28. | കർത്തൃമേശ | – | രണ്ടാം ഞായർ ആരാധനയോടൊപ്പം |
| 29. | പ്രഭാത ധ്യാനം | – | ദിവസവും രാവിലെ 5.00 |
| 30. | ജീവനക്കാരുടെ ധ്യാനം | – | ദിവസവും രാവിലെ 9.00 മണി |
| 31. | ഓഫീസ് | – | രാവിലെ 9 മുതൽ രാത്രി 9 വരെ (ഞായർ ഒഴികെ) |

## ഇന്ത്യയ്ക്കകത്തുള്ള അപേക്ഷകർക്കുള്ള തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ്(96പേജുകൾ) എന്നീ ഭാഷകളിൽ തപാലിൽ കോഴ്സുകൾ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് നിങ്ങൾക്ക് ലഭിക്കുന്നു. കോഴ് സ് പൂർത്തിയാക്കുമ്പോൾ സർട്ടി ിക്കേ റ്റ് ലഭിക്കുന്നതാണ്. നിർബന്ധിത ഫീ സ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ് പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (652 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി നൽകുന്നതാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

**The Chairman, Nehemiah Bible College,**
Echo of His Call, Post Box 2957
CHEPAUK, CHENNAI - 600 005.
Ph.: (044) 2852 8282, 2852 9293, 2854 7766,
Cell : 98410 71852, 95661 31858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

### മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചുകൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## എന്റെ പരസ്യ ശുശ്രൂഷ!

തുറന്ന സ്ഥലങ്ങളിലും ഭവനങ്ങളിലും ചെറിയ കൂട്ടായ്മകൾ സംഘടിപ്പിക്കുന്നതിലൂടെ സുവിശേഷം അറിയിക്കുവാൻ കർത്താവായ യേശുക്രിസ്തു എന്നെ അനുഗ്രഹിച്ചു. അതിലൂടെ അനേകം സുഹൃത്തുക്കളെ നേടുവാൻ എനിക്കു സാധിച്ചു. ഈ ശുശ്രൂഷയ്ക്ക് എന്നെ സഹായിക്കാ? ഡി. റിച്ചാർഡ് തമ്പിരാജ്, വില്ല്യം, സെൽവരാജ്, ബിജിലി സാംരാജ്, പി. ചന്ദ്രശേഖർ, ശ്രീമതി. ജെ.വി. സെൽവൻ എന്നിവർ ഉണ്ടായിരുന്നു.


ഞങ്ങളുടെ പ്രദേശത്തിനടുത്തുള്ള നവലർ നഗർ എന്ന സ്ഥലത്ത് ഞങ്ങൾ ഓപ്പൺ എയർ കൂട്ടായ്മ സംഘടിപ്പിച്ചപ്പോൾ കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയാൽ ജനങ്ങൾ നിറയുകയും പൈശാചിക ബന്ധനങ്ങളിൽനിന്ന് പലരും വിടുവിക്കപ്പെടുകയും അനേകം രോഗികൾ സൗഖ്യമാകുകയും ചെയ്തു. അങ്ങനെ ദൈവത്തിന്റെ അഭിഷേകം പ്രവർത്തിക്കുവാൻ തുടങ്ങി.

ആ പ്രദേശത്തുള്ള ദരിദ്രരും, സമ്പന്നരും, നിരക്ഷരരും, സാക്ഷരരും ആയ ആ പ്രദേശത്തെ എല്ലാ വിഭാഗം ആളുകളും യേശുക്രിസ്തുവിനെ തങ്ങളുടെ സ്വന്തം രക്ഷിതാവായി സ്വീകരിച്ചു. അനേകം അത്ഭുതങ്ങൾ സംഭവിച്ചു. ഞാൻ സംഗീതോപകരണമായ അക്കോർഡിയൻ വായിക്കുകയും പാടുകയും കുട്ടികളുടെ യോഗങ്ങൾ നടത്തുകയും ചെയ്തതിലൂടെ ദൈവം എന്നെ അങ്ങയുടെ ദാസനായി ഉയർത്തി. ജനങ്ങളുടെ ജീവിതത്തിൽ അത്ഭുതങ്ങളും മാറ്റങ്ങളും സംഭവിച്ചപ്പോൾ അവർ എന്നെ ബഹുമാനിക്കുവാനും എന്റെ യോഗങ്ങളിൽ കടന്നു വരുവാനും തുടങ്ങി. റോമൻ കത്തോലിക്ക സഭയിലെയോ പ്രോട്ടസ്റ്റന്റ് സഭകളിലെയോ അംഗങ്ങളെ ഞാൻ ഒരിക്കലും സ്വീകരിച്ചില്ല. യേശുക്രിസ്തുവിനെ അനുഗമിക്കാനും സേവിക്കാനും പുതിയ അംഗങ്ങളെ ദൈവം എനിക്കു തന്നു. ഫെയ്ത്ത് പ്രെയർ ലീഗിലെ റവ. സാമുവൽ ഡാനിയൽ നൽകിയ സുവിശേഷ ലഘുലേഖകളും ചെറു പുസ്തകങ്ങളും വിതരണം ചെയ്യാൻ ഞാൻ എന്റെ സുഹൃത്തുക്കളെ പരിശീലിപ്പിച്ചു. പാടുവാനും സാക്ഷിക്കുവാനും പ്രസംഗിക്കുവാനും ആത്മാക്കളെ നേടുവാനും അവരെ ഞാൻ പഠിപ്പിച്ചു. യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത പ്രദേശങ്ങളിലും രാജ്യങ്ങളിലും ഏതു വിധേനയും കടന്നു ചെന്ന് സാക്ഷീകരിക്കുവാനും എന്റെ ആത്മാവിന്റെ അഭിവൃദ്ധിക്കായി പ്രവർത്തിക്കാനുമൊക്കെയായി ഞാൻ വളരെയധികം തിരക്കുള്ളവനായിരിക്കുന്നു. ബലഹീനരെ നേടുവാനായി ഞാൻ സ്വയം ബലഹീനനായിത്തീർന്നു. **ബലഹീനന്മാരെ നേടേണ്ടതിന്നു ഞാൻ ബലഹീനർക്കു ബലഹീനനായി; ഏതു വിധത്തിലും ചിലരെ രക്ഷിക്കേണ്ടതിന്നു ഞാൻ എല്ലാവർക്കും എല്ലാമായിത്തീർന്നു** (1 കൊരിന്ത്യർ 9:22).



റവ. സാമുവൽ ഡാനിയൽ

ചെന്നൈ മൗണ്ട് റോഡിലുള്ള ഇ.എൽ.എസ്. ബുക്ക് ഷോപ്പിനടുത്ത്, ബുക്ക് ഷോപ്പിന്റെ മാനേജരായ ബ്ര. ജെ.ആർ. ജെയപാലന്റെ സഹായത്തോടെ "എനിക്കു കഴിയുന്നതിൽ ഏറ്റവും മികച്ചത്" എന്ന ലഘുലേഖ വിതരണം ചെയ്തുകൊണ്ടിരുന്നപ്പോൾ പ്രമുഖ ദൈവദാസനായ റവ. ഡോ. അഗസ്റ്റിൻ പീറ്റേഴ്സിനെ കണ്ടു. അദ്ദേഹം ആ തിരക്കേറിയ റോഡിൽ എന്റെ തലയിൽ കൈ വച്ച് ഇങ്ങനെ പ്രവചിച്ചു പറഞ്ഞു: "ഇതാ ഒരു ആൺകുട്ടി-സുവിശേഷത്തിന്റെ മഹത്തായ ശുശ്രൂഷക്കായി ഞാൻ നിന്നെ നിയോഗിക്കുന്നു. ഞാൻ അവനെ വിളിച്ചു. ഞാൻ അവന് പ്രത്യേക സമ്മാനങ്ങളും ആരോഗ്യവും സമ്പത്തും ലോകത്തിലെ ജനങ്ങളെയും നൽകി പരിപാലിക്കും. അവൻ എന്റെ വിശ്വസ്തനായ ശുശ്രൂഷകനായിരിക്കും. അവന്റെ മേൽ ഞാൻ എന്റെ അനുഗ്രഹം ചൊരിയുന്നു."



റവ. ഡോ. അഗസ്റ്റിൻ പീറ്റേഴ്സ്,
പാസ്റ്റർ. എസ്. സാം സെൽവരാജ്

ചില ദിവസങ്ങൾക്കുശേഷം എന്റെ സുഹൃത്തും ഫോട്ടോഗ്രാഫറുമായ ബ്ര. സി.എൻ. രാജനിലൂടെ എന്നെ വിളിപ്പിച്ച് സുവിശേഷത്തിന്റെ ദാസനായി എന്നെ അഭിഷേകം ചെയ്തു. അതേ ശക്തിയും വീക്ഷണവും സ്ഥിരതയുമാണ് എന്റെ ജീവിതത്തിൽ ഇപ്പോഴും നിലനിൽക്കുന്നത്. അദ്ദേഹം പ്രവചനത്തിലൂടെ പറഞ്ഞത് പൂർത്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിന് ഞാൻ ദൈവത്തിന് നന്ദി പറയുന്നു.

---

6-ാം പേജിന്റെ തുടർച്ച...

**ന്നും യഹോവയുടെ വിശുദ്ധദിവസത്തെ ബഹുമാനയോഗ്യം എന്നു പറകയും നിന്റെ വേലെക്കു പോകയോ നിന്റെ കാര്യാദികളെ നോക്കുകയോ വ്യർത്ഥസംസാരത്തിൽ നേരംപോക്കുകയോ ചെയ്യാതവണ്ണം അതിനെ ബഹുമാനിക്കയും ചെയ്യുമെങ്കിൽ, നീ യഹോവയിൽ പ്രമോദിക്കും. ഞാൻ നിന്നെ ഉന്നതങ്ങളിൽ വാഹനമേറ്റി ഓടുമാറാക്കുകയും നിന്റെ പിതാവായ യാക്കോബിന്റെ അവകാശംകൊണ്ടു നിന്നെ പോഷിപ്പിക്കയും ചെയ്യും; യഹോവയുടെ വായല്ലോ അരുളിച്ചെയ്തിരിക്കുന്നതു** (യെശയ്യാവ് 58:13,14).

നമുക്കെല്ലാവർക്കും ഉയർന്ന സ്ഥാനങ്ങൾ വേണം. നമ്മുടെ സ്ഥാനങ്ങൾ മെച്ചപ്പെടുത്തുവാൻ നാം ആഗ്രഹിക്കുന്നു. ഇത് എ

ങ്ങനെയാണ് സാധിക്കുക? കർത്താവിന്റെ ദിവസമായ ഞായറാഴ്ചകളിൽ ഭക്തികെട്ടവരുടെ ഉപദേശം ശ്രവിക്കാതെ ദൈവത്തിനു ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്യണം. നിനക്കു തന്നെ പ്രസാദകരമായ കാര്യങ്ങൾ ചെയ്യരുത്. സ്വന്തം കാര്യങ്ങൾ സംസാരിക്കരുത്. കാരണം അത് ദൈവത്തിന്റെ ദിവസമാണ്. ഈ ദിവസം നല്ല ദിവസമാണ്. സന്തോഷത്തിന്റെയും ആഘോഷത്തിന്റെയും കർത്താവിന്റെയും ദിവസം! ആ ദിവസത്തെ മാന്യമായി കരുതുക. ഈ ദിവസത്തിൽ ടെലിവിഷൻ പരിപാടികൾ കാണാതെ സഭായോഗങ്ങൾക്കു മുൻഗണന നൽകുകയും ആരാധനകളിൽ പങ്കെടുക്കുകയും ചെയ്യുവിൻ. അപ്പോൾ നീ കർത്താവിൽ ആനന്ദിക്കും. മറ്റു ദിവസങ്ങളിൽ ഇഷ്ടം പോലെ ജീവിക്കാം എന്നല്ല ഇതിനർത്ഥം.

ഞായറാഴ്ചയിലെ പ്രഭാത ആരാധനയ്ക്കുശേഷം ലൗകീക കാര്യങ്ങൾക്കും ജോലിക്കുമായി സമയം ക്രമീകരിച്ചാൽ നിങ്ങളുടെ ജീവിതത്തിൽ യഥാർത്ഥ സന്തോഷവും ഉയർച്ചയും ലഭിക്കുകയില്ല. ഈ ദിവസം നിങ്ങൾ കർത്താവിനായി സമർപ്പിക്കണം. സുഹൃത്തുക്കളെ കാണുക, സ്വന്തം കാര്യങ്ങൾ ചെയ്യുക എന്നിങ്ങനെ ആ ദിവസം ലൗകീക കാര്യങ്ങൾക്കായി ചെലവഴിക്കുകയാണെങ്കിൽ നിങ്ങളുടെ ജീവിതത്തിൽ ഒരു പുരോഗതിയും ഉണ്ടാകുകയില്ല.

നിങ്ങൾ കർത്താവിന്റെ ദിനം ആനന്ദത്തിന്റെ ദിവസമായി കണക്കാക്കുകയും അത് കർത്താവിനായി വേർതിരിക്കയും ചെയ്താൽ നിങ്ങൾക്കു സന്തോഷം ഉണ്ടാകും. നിങ്ങളെ ഭൂമിയിലെ ഏറ്റവും ഉന്നതങ്ങളിൽ ദൈവം ഇരുത്തും. നിങ്ങളുടെ ജീവിതത്തിൽ സാമ്പത്തികമോ, രോഗമോ, ആത്മീയ ജീവിതത്തിൽ വിഷാദമോ ഉണ്ടെങ്കിലും, മറ്റുള്ളവർക്ക് ഉള്ളത് നിങ്ങൾക്ക് കുറവാണെന്നു തോന്നുന്നുവെങ്കിലും "എന്തു കർത്താവേ" എന്നു നിങ്ങൾ ചോദിക്കുമ്പോൾ, പരിശുദ്ധാത്മാവ് ഈ സന്ദേശത്തിലൂടെ വ്യക്തമായി സംസാരിക്കുന്നു എന്നായിരിക്കും മറുപടി. അവന്റെ ദിവസം സന്തോഷത്തിന്റെ ദിവസമായി നിങ്ങൾ കണക്കാക്കുന്നു എങ്കിൽ നിങ്ങൾ സന്തോഷവാന്മാരായിരിക്കും. കർത്താവ് നിങ്ങളെ ഉയർന്ന സ്ഥാനത്ത് നിറുത്തും.

## 5. സാമ്പത്തികമായ അനുഗ്രഹങ്ങൾ !

**എന്റെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിന്നു നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടുവരുവിൻ; ഞാൻ നിങ്ങൾക്കു ആകാശത്തിന്റെ കിളിവാതിലുകളെ തുറന്നു, സ്ഥലം പോരാതെ വരുവോളം നിങ്ങളുടെ മേൽ അനുഗ്രഹം പകരുകയില്ലയോ? എന്നിങ്ങനെ നിങ്ങൾ ഇതിനാൽ എന്നെ പരീക്ഷിപ്പിൻ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു** (മലാഖി 3:10).

എന്റെ വരുമാനത്തിന്റെ ഒരു ഭാഗം ഞാൻ നൽകിയാൽ എന്റെ ജീവിതം ശരിയാകുമോ എന്നു ചിലർ ചോദിച്ചേക്കാം. നിങ്ങളുടെ വരുമാനത്തിന്റെ പത്തിൽ ഒന്ന് ദൈവത്തിനുള്ളതാണ്. നിങ്ങൾ കടം വാങ്ങിയ പണത്തിന്റെ പത്തിൽ ഒന്ന് നൽകേണ്ട കാര്യമില്ല. നിങ്ങളുടെ വരുമാനത്തിന്റെ ദശാംശമാണ് ദൈവത്തിനു നൽകേണ്ടത്. ദൈവത്തിന് അവകാശപ്പെട്ട ഈ പണം എവിടെയാണ് നൽകേണ്ടത്? നിങ്ങളുടെ ദശാംശം പള്ളിയുടെ കലവറയിലേക്കു കൊണ്ടുവരിക. നിങ്ങളുടെ ദശാംശം മിഷണറി പ്രവർത്തനത്തിനോ മാസിക ശുശ്രൂഷയ്ക്കോ സുവിശേഷ പ്രവർത്തനങ്ങൾക്കോ ആയിരിക്കരുത്. ചില പ്രദേശങ്ങളിൽ താമസിച്ച് സുവിശേഷപ്രവർത്തനങ്ങളും സെമിനാറുമൊക്കെ സംഘടിപ്പിക്കുന്നവർക്കും ആകരുത്. ഇത് നിങ്ങൾ അംഗമായിരിക്കുന്ന സഭയ്ക്കുള്ളതാണ്. സഭയ്ക്ക് ഇതിനെ ശുശ്രൂഷാ പ്രവർത്തനങ്ങൾക്കായും ശുശ്രൂഷാ പ്രവർത്തനങ്ങളുടെ ഭാഗമായി പാവപ്പെട്ടവർക്കും ദരിദ്രർക്കായും ചെലവഴിക്കാൻ സാധിക്കും.

ദൈവത്തിന്റെ പണം ദൈവത്തിനുവേണ്ടി മാത്രം ചെലവഴിക്കുന്ന ഒരു സഭയെ കണ്ടെത്തി അതിൽ അംഗമാകുക എന്നത് പ്രാധാന്യമുള്ളതാണ്. നിങ്ങളുടെ ദശാംശം ആലയത്തിലേക്ക് കൊണ്ടുവരുവാൻ ദൈവം ആവശ്യപ്പെടുന്നു. അത് സ്വയം ചെലവഴിക്കാൻ വിശ്വാസികൾക്ക് ദൈവം അനുവാദം നൽകിയിട്ടില്ല. ഒരു വിശ്വാസിക്ക് ദശാംശത്തിൽ തൊടാനോ, അതെടുത്തു അവിടെയും ഇവിടെയുമുള്ള മറ്റു ആളുകൾക്കു നൽകുവാനും ദൈവം നിങ്ങൾക്ക് അധികാരം നൽകിയിട്ടില്ല.

നിങ്ങളുടെ ദശാംശം ആലയത്തിലെ ഭണ്ഡാരങ്ങളിലേക്കു കൊണ്ടുവരുവിൻ. എന്നാൽ ആകാശത്തിലെ കിളിവാതിലുകൾ തുറന്ന് അനുഗ്രഹം ധാരാളമായി വർഷിക്കും എന്ന് വചനം വ്യക്തമാക്കുന്നു. അങ്ങനെ ചെയ്ത് ദൈവത്തെ പരീക്ഷിക്കാനാണ് വേദപുസ്തകം ആഹ്വാനം ചെയ്തിരിക്കുന്നത്. വചനത്തിലെ ഒരു വാക്കു പോലും മാറ്റരുത് എന്നാണ് ദൈവം പറയുന്നത്. എന്റെ വരുമാനത്തിന്റെ ദശാംശം നൽകി അനുഗ്രഹിക്കപ്പെട്ടവനാണ് ഞാൻ. ചെറിയ വരുമാനം ലഭിക്കുമ്പോൾ ദശാംശം നൽകാൻ പ്രയാസമില്ല. പക്ഷെ വരുമാനം വലിയതാകുമ്പോൾ ദശാംശം നൽകാൻ പ്രയാസമായി തോന്നാം. 100 രൂപ വരുമാനം വരുമ്പോൾ 10 രൂപ നൽകാൻ പ്രയാസമില്ല. 1000 രൂപയ്ക്ക് 100 രൂപ നൽകാനും പ്രയാസമില്ല. പക്ഷെ 10000 രൂപയ്ക്ക് 1000 രൂപ നൽകാൻ കുറച്ചു പ്രയാസമാണ്. കർത്താവ് നമ്മെ കൂടുതൽ കൂടുതൽ അനുഗ്രഹിക്കുമ്പോൾ ദശാംശം നൽകുന്നതിൽ നാം വിശ്വസ്തരാണെങ്കിൽ ദൈവം നമ്മെ കൂടുതലായി അനുഗ്രഹിക്കും. നിങ്ങൾ നി

## SPECIAL ANNOUNCEMENT

### We Need Honorary Representatives!

Of late, we find that the number of readers of **Echo of His Call** magazine printed in Sinhala, Nepali, Urdu and Afrikaans languages has considerably reduced. This may be due to the loss of our old friends and the probable relocation of their domicile. We have been thinking of ways and means to strengthen the number of readers.

As a measure of effort, we solicit Honorary Representatives from our readers of Nepali, Urdu, Sinhala and Afrikaans to

(i) Enroll more and more readers for the magazines in their respective languages.

(ii) To come forward to print more copies and dispatch to the readers in their respective countries / areas and

(iii) Help us by raising some Honorary Representatives to provide new addresses and to promote the distribution by taking photo copies and sending them to family and friends.

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

ങ്ങളുടെ ആലയത്തിൽ ദശാംശം നൽകുമ്പോൾ സ്വർഗ്ഗത്തിൽ നിന്ന് അനുഗ്രഹങ്ങൾ വർഷിക്കുമെന്നത് ദൈവത്തിന്റെ വാഗ്ദാനമാണ്. ഇത് വലിയ നിഗൂഢതയുമാണ്. പലർക്കും ഇതിനെക്കുറിച്ച് അറിയുകയില്ല. നിങ്ങളുടെ ദശാംശം ഇങ്ങനെ അർപ്പിക്കുവിൻ. എന്താണ് സംഭവിക്കുന്നത് എന്ന് നോക്കുവിൻ. വിജയം നിങ്ങളുടേതായിരിക്കും.

*********************

## OUR BANK DETAILS:

### *1. Bank : State Bank of India*

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### *2. Bank : ICICI Bank*

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ    ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at "Egmore RMS / 1 Patrika Channel"
on 4th FEBRUARY, 2023.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**